# JOINT FORUM OF KGB UNIONS

(KGBEU/KGBOU - KGBSA/KGBOC )
Kerala Gramin Bank: Head Office, KGB Towers
AK Road, Malappuram

**സർക്കുലർ 7/2022** 17.10.2022

## കൂട്ടായ്മയുടെ വിജയം
## ഐക്യത്തോടെ മുന്നോട്ട്

മാനേജ്മെന്റിന്റെ കരാർ ലംഘനത്തിനെതിരെ കഴിഞ്ഞ 128 ദിവസമായി ജോയിന്റ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടന്നു വന്ന സമരപരിപാടികൾ ഒക്ടോബർ 12 ന് വൈകിട്ട് മുതൽ പിറ്റേ ദിവസം വൈകിട്ട് വരെ മാനേജ്മെന്റുമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉണ്ടായ അനുകൂല തീരുമാനങ്ങളെത്തുടർന്ന് അവസാനിപ്പിക്കുവാൻ നാം തീരുമാനിച്ചിരിക്കുന്നു. നാം ഉന്നയിച്ച വിഷയങ്ങളിന്മേൽ, മുൻ നിലപാടുകളിൽ നിന്ന് വ്യത്യസ്തമായി വളരെ പോസിറ്റീവ് ആയിട്ടാണ് ചെയർമാൻ നമ്മോടു പ്രതികരിച്ചത്.

എഗ്രിമെന്റിൽ എഴുതിച്ചേർത്ത കാര്യങ്ങൾ താഴെ ചേർക്കുന്നു.

1. റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് ജനുവരി മാസം process കിക്ക് സ്റ്റാർട്ട് ചെയ്യും. മിത്രാ കമ്മിറ്റി പ്രകാരമായിരിക്കും vacancy assess ചെയ്യുക.

2. താൽക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ വിഷയം ബോർഡിലേക്ക് വീണ്ടും എത്തിക്കും.

3. BC മാരെ നിയമിച്ചിരിക്കുന്നത് സാമ്പത്തിക ഉൾച്ചേർക്കൽ പദ്ധതികളുടെ ഭാഗമായിട്ട് മാത്രമാണ്.

ചില കുരുട്ടു ബുദ്ധിക്കാർ അസത്യങ്ങളും അർദ്ധ സത്യങ്ങളും വാരിവിതറി ജീവനക്കാർക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കാൻ തുനിഞ്ഞിറങ്ങി പരാജയപ്പെട്ടു ജാള്യതയോടെ നിൽക്കുമ്പോൾ നമ്മുടെ വിജയത്തിന്റെ തിളക്കത്തിന് മാറ്റ് കൂടുകയാണ്. അത് വെളിവാക്കാൻ ചില വസ്തുതകൾ നമുക്ക് പറയേണ്ടതുണ്ട്.

ജൂൺ മാസം 7 ന് നോട്ടീസ് കൊടുത്ത് തൊട്ടടുത്ത ദിവസം മുതലാണ് നാം ജോയിന്റ് ഫോറം ആഭിമുഖ്യത്തിൽ നിസ്സഹകരണ സമരം ആരംഭിച്ചത്. നമുക്ക് രേഖാമൂലം നൽകിയ കരാർ ലംഘിച്ചു കൊണ്ട് ജൂൺ 5 ന് IBPS ൽ വേക്കൻസി പഞ്ച് ചെയ്യുമ്പോൾ യഥാർത്ഥ വേക്കൻസിയുടെ ഏഴയലത്ത് പോലും റിപ്പോർട്ട് ചെയ്ത വേക്കൻസി വന്നില്ല എന്നതാണ് കാരണം. തുടർന്ന് ചെയർമാനുമായി സംസാരിച്ചപ്പോൾ ഡിസംബർ മാസം കഴിഞ്ഞ് ബോർഡ് മീറ്റിംഗ് കൂടി അതേക്കുറിച്ച് ആലോചിക്കും എന്നാണ് പറഞ്ഞത് (റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിക്കും എന്നല്ല, ആലോചിക്കും എന്നാണ് പറഞ്ഞത്). അതേക്കുറിച്ച് അന്വേഷിച്ചപ്പോൾ മനസ്സിലായത്, ജൂൺ 4 ന് ഓൺലൈൻ ബോർഡ് മീറ്റിംഗ് വിളിച്ച് നാളെത്തന്നെ IBPS ലേക്ക് വേക്കൻസി റിപ്പോർട്ട് ചെയ്യണം എന്ന് പറഞ്ഞ് തുച്ഛമായ എണ്ണം വേക്കൻസികൾ ബോർഡ് മുമ്പാകെ വച്ചപ്പോൾ, ബോർഡ് മെമ്പർമാർ ഇത് ചോദ്യം ചെയ്തു. കഴിഞ്ഞ തവണത്തെ പ്രക്ഷോഭത്തെത്തുടർന്ന് മിത്രാ കമ്മിറ്റി പ്രകാരം നിയമനം നടത്തും എന്ന് ബോർഡിന് കൊടുത്ത ഉറപ്പ് പോലും കാറ്റിൽ പറത്തിയതിൽ അവരും കടുത്ത അമർഷത്തിലായിരുന്നു. അതിനെത്തുടർന്ന്, ബോർഡ് മെമ്പർമാർക്ക് ഒരു ധാരണ ഉണ്ടാക്കാൻ ജനുവരി മാസം ബോർഡ് യോഗം ചേരണം എന്ന് നേരത്തെ ആലോചിച്ചിരുന്നു. എന്നാൽ അങ്ങിനെ ചെയ്യുന്നത് വേക്കൻസി പ്രഖ്യാപിക്കാനായിരുന്നില്ല മറിച്ച് rough calculation നടത്താൻ വേണ്ടി മാത്രമായിരുന്നു. തുടർന്ന് ജൂലൈ 25 ന്റെ പണിമുടക്ക് സമരത്തിന് മുന്നോടിയായി ജൂലൈ മാസം 12 ന് നടന്ന ആദ്യത്തെ അനുരഞ്ജന ചർച്ചയിൽ രണ്ട് GM ഉൾപ്പെടെയുള്ള മാനേജ്മെന്റ് പ്രതിനിധികൾ പറഞ്ഞിരുന്നത് എഗ്രിമെന്റ് violate ചെയ്തിട്ടില്ല എന്നാണ്. Vacancy assess ചെയ്യുമെന്ന് പറഞ്ഞു അത് assess ചെയ്തു എന്നും persue ചെയ്തു കൊണ്ടിരിക്കുന്നു എന്നുമാണ്. എന്ന് വച്ചാൽ ആദ്യത്തെ എഗ്രിമെന്റിൽ റിക്രൂട്ട്മെന്റ് പ്രൊസസ്സ് സ്റ്റാർട്ട് ചെയ്യും എന്ന് എവിടെയും പറഞ്ഞിട്ടില്ല എന്നായിരുന്നു അവരുടെ വാദം. മാത്രവുമല്ല കേന്ദ്രത്തിൽ നബാർഡ് DMD അധ്യക്ഷനായ ഒരു കമ്മിറ്റി രൂപീകരിച്ച് മിത്രാ കമ്മിറ്റി പുനഃപരിശോധിക്കണം എന്നുൾപ്പെടെയുള്ള സാങ്കേതിക കാരണങ്ങൾ ചെയർമാൻ അവസാനം വരെ ഉന്നയിക്കുകയും ചെയ്തിരുന്നു. ആ അവസ്ഥയിൽ നിന്ന് മിത്രാ കമ്മിറ്റി പ്രകാരം തന്നെ റിക്രൂട്ട്മെന്റ് പ്രൊസസ്സ് സ്റ്റാർട്ട് ചെയ്യും എന്ന രേഖാമൂലമുള്ള ഉറപ്പ് നമ്മെ സംബന്ധിച്ചിടത്തോളം വലിയ വിജയമാണ്. ഈ സാമ്പത്തിക വർഷം തന്നെ റിക്രൂട്ട്മെന്റ് നടപ്പിലാക്കാൻ ശ്രമിക്കും എന്നുള്ള ചെയർമാന്റെ ഉറപ്പും നാം വിശ്വാസത്തിലെടുക്കുന്നു.

വർഷങ്ങളായി ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള ആവശ്യം നമ്മുടെ പ്രക്ഷോഭ പരിപാടികളെത്തുടർന്ന് ഡയറക്ടർ ബോർഡിന് മുമ്പാകെ നേരത്തെ കൊണ്ടു വന്നിരുന്നു. എന്നാൽ ഈ വിഷയം നബാർഡിലേക്ക് അയക്കുകയാണ് ബോർഡ് ചെയ്തത്. യഥാർത്ഥത്തിൽ നബാർഡിന് ഈ വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരമില്ല. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് താൽക്കാലിക

ജീവനക്കാർക്ക് അനുകൂലമായി വന്ന സുപ്രീം കോടതി വിധി പരിഗണിച്ച്  വീണ്ടും ബോർഡിലേക്ക് അവതരിപ്പിക്കണമെന്ന് നാം ശക്തമായി ആവശ്യപ്പെടുകയുണ്ടായി. എന്നാൽ തൊട്ടു മുമ്പ് നടന്ന അനുരഞ്ജന യോഗത്തിൽ അതേക്കുറിച്ച് ആലോചിക്കുക പോലും വയ്യ എന്ന നിലപാടിൽ ആയിരുന്നു മാനേജ്മെന്റ്. ആദ്യം അദ്ദേഹം പറഞ്ഞത്, സുപ്രീം കോടതിവിധി നമുക്ക് ബാധകമല്ല എന്നാണ്. എന്നാൽ സുപ്രീം കോടതിവിധികൾ law of the land ആണ് എന്ന് നാം കൃത്യമായി അദ്ദേഹത്തിന് ബോധ്യപ്പെടുത്തിക്കൊടുത്തു. തുടർന്ന് ജോയിന്റ് ഫോറം ഒരു കത്ത് നൽകണമെന്നും അതിന്റെ കൂടെ താൽക്കാലിക ജീവനക്കാർക്ക് അനുകൂലമായ മുഴുവൻ വിധികളും കൈമാറണമെന്നും അതിന്റെ അടിസ്ഥാനത്തിൽ അനുകൂലമായ മുഴുവൻ വഴികളും തേടുമെന്നും ചെയർമാൻ ഉറപ്പ് നൽകി. സംഘടനകളുടെ പൂർണ്ണ സഹായം തേടിക്കൊണ്ട് മെച്ചപ്പെട്ട രീതിയിൽ ഇത് പ്രാവർത്തികമാക്കാനുള്ള നടപടികൾ തുറന്ന മനസ്സോടെ കൈക്കൊള്ളാൻ തയ്യാറാണെന്നും അദ്ദേഹം ഉറപ്പു നൽകി. എന്തിനാണ് ബോർഡിന് കൈമാറുന്നത് എന്ന് ചിലർക്ക് സംശയം വന്നേക്കാം. promotion cum recruitment rule പ്രകാരം അല്ല സ്ഥിരപ്പെടുത്തൽ നടക്കുന്നത് എന്നതിനാൽ ബാങ്ക് ഡയറക്ടർ ബോർഡിനാണ് അതിന്റെ പരമാധികാരം. സർക്കാരിന് പോലും ബോർഡിന് നിർദേശം കൊടുക്കാൻ മാത്രമേ കഴിയൂ എന്നതിനാൽ ബോർഡിലേക്ക് കൊണ്ട് വരിക എന്നതാണ് നിയമപരമായി നമുക്ക് ഗുണം ചെയ്യുന്ന കാര്യം.

BC വിഷയത്തിൽ നേരത്തെ ഉണ്ടാക്കിയ ധാരണ പ്രകാരം സാമ്പത്തിക ഉൾച്ചേർക്കലിന്റെ ഭാഗമായുള്ള നടപടിക്രമങ്ങൾ മാത്രമേ നടപ്പിൽ വരുത്തുകയുള്ളൂ എന്നും എവിടെയെങ്കിലും violation വരികയാണെങ്കിൽ (ബ്രാഞ്ചിനകത്ത് ഇരിക്കുകയോ സമീപ പ്രദേശങ്ങളിൽ നിന്ന് ഇടപാട് നടത്തുകയോ മറ്റോ ചെയ്താൽ) അത് ആർക്ക് വേണേലും ചൂണ്ടിക്കാട്ടാമെന്നും ശക്തമായ നടപടികൾ കൈക്കൊള്ളുമെന്നും ചെയർമാൻ അറിയിച്ചു. ഇതിന്റെ അർത്ഥം നാം BC നിയമനം അംഗീകരിക്കുന്നു എന്നല്ല, മറിച്ച് ജാഗ്രതയോടു കൂടി ആശയപരമായ നമ്മുടെ എതിർപ്പ് തുടരുന്നതോടൊപ്പം violation ചൂണ്ടിക്കാണിക്കണം എന്നാണ്.

പ്രക്ഷോഭവുമായി ബന്ധപ്പെട്ട് ജോയിന്റ് ഫോറത്തിന്റെ ആഹ്വാനം ഏറ്റെടുത്ത മുഴുവൻ സഖാക്കളെയും സുഹൃത്തുക്കളെയും അഭിവാദ്യം ചെയ്യുന്നു. അത്തരം ആഹ്വാനം ഏറ്റെടുത്തതിന്റെ ഭാഗമായി ചില ജീവനക്കാർക്കെതിരെ മാനേജ്മെന്റ് ശിക്ഷാനടപടികളും ആരംഭിച്ചിരുന്നു. എന്നാൽ, ശിക്ഷാ നടപടികൾ പൂർണ്ണമായും പിൻവലിക്കണം എന്ന് നാം ആവശ്യപ്പെട്ടു. അതിന് മാനേജ്മെന്റ് തയ്യാറായിരുന്നില്ല. തെറ്റ് ചെയ്തവർ ശിക്ഷാനടപടികൾ നേരിടണം എന്ന നിലപാടിൽ മാനേജ്മെന്റ് ഉറച്ചു നിന്നപ്പോൾ, അംഗങ്ങളെ ബലിയാടുകളാക്കി പ്രക്ഷോഭം അവസാനിപ്പിക്കാൻ ആവില്ല എന്ന് ജോയിന്റ് ഫോറവും നിലപാടെടുത്തു. ജോയിന്റ് ഫോറത്തിൽ നിന്ന് പിന്മാറിയ സംഘടനയിലെ മെമ്പർമാർക്ക് വേണ്ടി എന്തിനാണ് സംസാരിക്കുന്നത് എന്ന ചോദ്യം പോലും ഉണ്ടായി. എന്നാൽ അത്തരക്കാർക്കെതിരായി ഉണ്ടായിരുന്ന ചാർജ് ഷീറ്റ് മുതലായ നടപടികൾ പോലും അനുവദിക്കാൻ നാം തയ്യാറായില്ല എന്നത് മാനേജ്മെന്റിനെ പോലും അത്ഭുതപ്പെടുത്തി. നേതൃത്വത്തിന്റെ പേരിൽ അച്ചടക്ക നടപടി കൈക്കൊണ്ടാലും അംഗങ്ങൾക്കെതിരെ അത് അനുവദിക്കില്ല എന്ന ശക്തമായ നിലപാടിനെത്തുടർന്ന് ആർക്കെതിരെയും victimisation ഉണ്ടാവില്ല എന്ന് രേഖാമൂലം ഉറപ്പു വാങ്ങാനും നമുക്ക് കഴിഞ്ഞു.

മേൽപ്പറഞ്ഞ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ജോയിന്റ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നാം നടത്തി വന്ന പ്രക്ഷോഭ പരിപാടികൾ അവസാനിപ്പിക്കാൻ നാം തീരുമാനിച്ചിരിക്കുകയാണ്. ഇതിനിടയിൽ ജോയിന്റ് ഫോറത്തിൽ നിന്നും രണ്ട് സംഘടനകൾ പിന്മാറിയിട്ടുണ്ട്. BMS സംഘടനകളും AIBEA/OA സംഘടനകളുമാണ് പിന്മാറിയത്. **ജൂലൈ 25 ന്റെ ഏകദിനപണിമുടക്കത്തിനു ശേഷമാണ് KGB യിൽ മാത്രം സമരം ചെയ്തിട്ട് കാര്യമില്ല എന്നതിനാൽ ദേശീയതലത്തിൽ സമരം നടത്താനാണ് തീരുമാനം എന്ന് പറഞ്ഞ് BMS ആദ്യം പിന്മാറിയത്. എന്നാൽ, പ്രക്ഷോഭം ആരംഭിക്കുന്നതിനു മുമ്പ് തന്നെ ഈവക കാര്യങ്ങളെല്ലാം ചർച്ച ചെയ്തിരുന്നുവെങ്കിലും ജീവനക്കാരെ ഏകപക്ഷീയമായി അവർ വഞ്ചിക്കുകയായിരുന്നു. സ്വാതന്ത്ര്യത്തിനു മുമ്പ് തങ്ങളുടെ മുൻതലമുറക്കാർ ചെയ്തത് പോലെ എതിർപക്ഷത്തെ സഹായിക്കാനുള്ള അന്നത്തെ തീരുമാനം പതിറ്റാണ്ടുകൾക്കിപ്പുറം ഇവിടെയും ആവർത്തിക്കുകയായിരുന്നു. സമരത്തെ ഒറ്റുകൊടുത്തതിന്റെ ഭാഗമായി കിട്ടിയ എല്ലിൻ കഷണം നുണയാനുള്ള ആർത്തിയായിരുന്നു അവരിൽ നിന്നും നമുക്ക് കാണാൻ കഴിഞ്ഞത്. ജീവനക്കാരിൽ ആശയക്കുഴപ്പം ഉണ്ടാക്കുകയും സമരത്തെ താറടിച്ച് കാണിക്കുകയും ചെയ്യുക എന്ന മാനേജ്മെന്റ് ദൗത്യം അവരുടെ വാലാട്ടികളായി പൂർത്തീകരിക്കാനുള്ള തത്രപ്പാടിലായിരുന്നു അതിന്റെ നേതൃത്വം. ഒടുക്കം ദേശീയസമരം എന്ന "വലിയ ബോംബ് നനഞ്ഞ ഏറുപടക്കം പോലെ ആയി അവസാനിച്ചതിനെ എന്ത് നുണകളാലാണ് മൂടിവെക്കുക എന്ന് കാത്തിരുന്നു കാണാം. ഉന്നയിക്കപ്പെട്ട ആവശ്യങ്ങളെല്ലാം നിഷ്ക്കരുണം തള്ളിക്കളഞ്ഞിട്ടും ബിജെപി എന്ന രാഷ്ട്രീയ പാർട്ടിയുടെയും RSS എന്ന സംഘടനയുടെയും കീഴ് വായുവിന്റെ മഹത്വം പറയുന്ന തിരക്കിൽ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും ദുരവസ്ഥ മനസ്സിലാക്കുക എന്നത് അവരുടെ അജണ്ടയിൽ എവിടെയും വരുന്നില്ലല്ലോ. AIBEA/OA ആവട്ടെ അവരുടെ apex സംഘടനകൾ ശക്തമായ സമരങ്ങൾക്ക് അനുവാദം തരുന്നില്ല എന്നതിനാൽ പുറമെ നിന്നും പൂർണ്ണമായി പിന്താങ്ങുകയാണ് എന്നും ആവശ്യങ്ങളെല്ലാം അംഗീകരിക്കുന്നു എന്നുമുള്ള നിലപാടാണ് അവർ കൈക്കൊണ്ടത്. ജോയിന്റ് ഫോറം വിട്ടുപോയതിൽ അവരുടെ അണികൾക്കും കടുത്ത അമർഷമുണ്ട് എന്നാണ് നാം തിരിച്ചറിയുന്നത്. എങ്കിലും ആ സംഘടനക്ക് അതിനുള്ള സ്വാതന്ത്ര്യവും ഉണ്ട്.**

ഒരു സുപ്രഭാതത്തിൽ നമ്മുടെ പ്രക്ഷോഭം വിജയിച്ചതല്ല, മറിച്ച് ചിട്ടയായ പ്രവർത്തനങ്ങളുടെ ആകെത്തുകയാണ് നമ്മുടെ വിജയം. ആഗസ്റ്റ് 20, സെപ്റ്റംബർ 17 തീയതികളിൽ നടന്ന ഹെഡ് ഓഫീസ് ധർണ്ണകൾ അതിന്റെ സൂചനയായിരുന്നു. അറുനൂറോളം സമരസഖാക്കളാണ് രണ്ട് ദിവസങ്ങളിലായി ഹെഡ് ഓഫീസിനു മുന്നിലെ സമര മുഖത്തേക്ക് ഒഴുകിയെത്തിയത്. ബാങ്കിലെ ഇടപാടുകളൊന്നും തടസ്സപ്പെടാതെ രൂക്ഷമായ സ്റ്റാഫ് ഷോട്ടേജിനിടയിലും ഇത്രയും പേര് വന്നു എന്നത് ചരിത്ര വിജയമാണ്. തുടർന്ന് നടന്ന സെപ്റ്റംബർ 22, 23 തീയതികളിലെ ദ്വിദിന പണിമുടക്കവും നമ്മുടെ വിജയത്തിന് ചുക്കാൻ പിടിച്ചു.

ഇത്രയും സമരങ്ങൾ നടത്തിയിട്ടും ജീവനക്കാർക്ക് അനുകൂലമായ തീരുമാനത്തിലേക്ക് വരാൻ മാനേജ്മെന്റ് തയ്യാറാവാത്ത അവസ്ഥയിലാണ് നാം അനിശ്ചിതകാല നിരാഹാര സമരം പ്രഖ്യാപിച്ചത്. തുടർന്നാണ് ജൂലൈ 12, 15, ആഗസ്റ്റ് 16, സെപ്റ്റംബർ 13 തീയതികളിൽ എടുത്ത നിലപാടിൽ നിന്ന് വ്യത്യസ്തമായി മാനേജ്മെന്റ് ഒക്ടോബർ 12 ന് പ്രതികരിച്ചത്. ഒക്ടോബർ 14 ന് ALC മുമ്പാകെയും അനുരഞ്ജന യോഗം ചേരാനിരിക്കുകയായിരുന്നു.

സഖാക്കളെ,

നമ്മുടെ സ്ഥാപനത്തെ സംരക്ഷിക്കാൻ നാം ഏറ്റെടുത്ത പ്രക്ഷോഭം അതിന്റെ വിജയത്തിന്റെ അടുത്ത് എത്തിയിരിക്കുകയാണ്. കരാറിൽ ഒപ്പിട്ട തീരുമാനങ്ങൾ പൂർണ്ണ അർത്ഥത്തിൽ നടപ്പിലായാൽ മാത്രമേ നമുക്ക് വിശ്രമമുള്ളൂ. അല്ലാത്തപക്ഷം ശക്തമായ പ്രക്ഷോഭപരിപാടികളുമായി നാം അവസാനിപ്പിച്ചിടത്തു നിന്നും നമുക്ക് തുടങ്ങേണ്ടി വരും. അത് വരെ ജാഗ്രതയോടെ നമുക്ക് കാത്തിരിക്കാം... ബാങ്കിന്റെ ഉന്നമനത്തിനു വേണ്ടി കൈമെയ് മറന്ന് ഒറ്റക്കെട്ടായി മുന്നേറാം.

**അഭിവാദനങ്ങളോടെ.**

**ജനറൽ സെക്രട്ടറി**
KGBEU/KGBOU
9895710203

**ജനറൽ സെക്രട്ടറി**
KGBSA/KGBOC
9947660997